# മാലദ്വീപിന്റെ 60-ാം സ്വാതന്ത്ര്യദിന വാർഷികാഘോഷത്തിൽ വിശിഷ്ടാതിഥിയായി പ്രധാനമന്ത്രി പങ്കെടുത്തു (ജൂലൈ 26, 2025)

ജൂലൈ 26, 2025

മാലി സന്ദർശനത്തിനിടെ, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് മാലദ്വീപിന്റെ 60-ാം സ്വാതന്ത്ര്യദിന വാർഷികാഘോഷങ്ങളിൽ 'വിശിഷ്ടാതിഥി'യായി പങ്കെടുത്തു. മാലദ്വീപിലെ സ്വാതന്ത്ര്യദിന ആഘോഷങ്ങളിൽ ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പങ്കെടുക്കുന്നത്. രാഷ്ട്രത്തലവൻ അല്ലെങ്കിൽ ഗവണ്മെന്റിന്റെ തലവൻ എന്ന നിലയിൽ മാലദ്വീപ് പ്രസിഡന്റ് മുയിസു ആതിഥ്യമരുളുന്ന ആദ്യ വിദേശ നേതാവും പ്രധാനമന്ത്രി മോദിയാണ്.

2. റിപ്പബ്ലിക് ചത്വരത്തിൽ നടന്ന സ്വാതന്ത്ര്യദിന പരേഡിൽ പ്രധാനമന്ത്രി, മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസുവിനോടൊപ്പം പങ്കെടുത്തു. ചടങ്ങിൽ, മാലദ്വീപിലെ ജനങ്ങൾക്കും മാലദ്വീപ് സർക്കാരിനും പ്രധാനമന്ത്രി ഊഷ്മളമായ ആശംസകൾ നേർന്നു. ആഘോഷങ്ങളിൽ മാലദ്വീപ് ദേശീയ പ്രതിരോധ സേനയുടെയും മറ്റ് പ്രാദേശിക യൂണിറ്റുകളുടെയും ഉജ്ജ്വലമായ പരേഡും ഒരു ആധുനിക രാഷ്ട്രമെന്ന നിലയിൽ മാലദ്വീപിന്റെ നേട്ടങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന സാംസ്കാരിക പ്രകടനങ്ങളും പ്രദർശിപ്പിച്ചു.

3. പ്രസിഡന്റ് മുയിസുവിനും മാലദ്വീപ് ജനതയ്ക്കും പ്രധാനമന്ത്രി നന്ദി പറഞ്ഞു. സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ 'വിശിഷ്ടാതിഥി'യായി അദ്ദേഹം പങ്കെടുത്തത് ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ ഒരു നാഴികക്കല്ലാണ്. വർഷം 2025 ഇന്ത്യയും മാലദ്വീപും തമ്മിൽ നയതന്ത്ര ബന്ധങ്ങൾ സ്ഥാപിതമായതിന്റെ 60-ാം വാർഷികവും അടയാളപ്പെടുത്തുന്നു.

മാലി

ജൂലൈ 26, 2025